TOWN BANK


THE PAYYANUR CO-OPERATIVE TOWN BANK LTD. NO.C.827
HEAD OFFICE, PAYYANUR
Ph: 04985-202930, 9400064101


Date :08/07/2021

# Policy on Resolution Framework 2.0

പയ്യന്നൂർ കോ ഓപ്പ് ടൗൺ ബാങ്ക് ലിമി. No.827 ൻറ 2021 - 22 ൽ ,RBI നിർദ്ദേശ പ്രകാരം കോവിഡ് - 19 മൂലമുണ്ടായ സാമ്പത്തിക പ്രയാസങ്ങൾ തരണം ചെയ്യുന്നതിനായി ബാങ്ക് ഇടപാടുകാർക്ക് അനുവദിച്ച പ്രത്യേക പാക്കേജ് [Resolution Framework 2.0, RBI CIrcular dt. 5/5/21] നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ .

[ 26/5/21 ന് ചേർന്ന ഭരണസമിതി യോഗത്തിൽ വായിച്ച് തീരുമാനം നമ്പർ 16 പ്രകാരം അംഗീകരിച്ചത് ]

കോവിഡ് - 19 മഹാമാരി മൂലം സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്ന ബാങ്ക് വായ്പക്കാർക്ക് ഉള്ള വായ്പാ കാലാവധി , കിട്ടാകടമായി അംഗീകരിക്കൽ, മറ്റ് നിബന്ധനകളുടെ പുനഃ ക്രമീകരണങ്ങൾ എന്നിവയിൽ റിസർവ് ബാങ്ക് ചില ഇളവുകൾ പ്രഖ്യാപിക്കുകയുണ്ടായി.

ഈ ഇളവുകൾ യഥാർത്ഥത്തിൽ കോവിഡ് മൂലം പ്രതിസന്ധിയിലകപ്പെട്ടവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു .

തിരിച്ചടവ് കാലാവധി നീട്ടുക തുടങ്ങിയ കാര്യങ്ങളിലെ പ്രായോഗികതയും തിരിച്ചടവിനുള്ള കഴിവും ബാങ്ക് കൃത്യമായി മനസ്സിലാക്കി ബോധ്യപ്പെട്ടിരിക്കണം.

31/03/2021 ന് വായ്പകൾ കിട്ടാകടമായി പ്രഖ്യാപിച്ചവർ, കോവിഡ് - 19 മഹാമാരി മൂലം വരുമാനത്തിൽ കുറവ് / ഉൽപാദനം / വിപണനം ഇവ ബാധിക്കാത്തവർ എന്നിവർ ഒഴികെയുള്ള എല്ലാ വായ്പക്കാരും ഈ ഇളവുകൾക്ക് അർഹരാണ് .

വായ്പക്കാരനിൽ നിന്നും ഈ പദ്ധതിപ്രകാരം ഇളവുകൾക്കായി അപേക്ഷ ലഭിച്ച ശേഷം ,ബാങ്ക് അർഹത പരിശോധിക്കുന്നു. വായ്പക്കാരുമായി സംസാരിച്ച് അനുവദനീയമായ ഇളവുകൾ പ്രഖ്യാപിക്കുന്നു. വായ്പ്പക്കാരനും ബാങ്കും ഇത്

PAYYANUR CO-OP. TOWN BANK LTD. PAYYANUR

Chief Executive Officer
The Payyanur Co-op. Town Bank Ltd.
No. C. 827, Payyanur

സംബന്ധിച്ച് ധാരണാപത്രം ഒപ്പിടുന്നു. അതനുസരിച്ച് ഈ വായ്പ Standarad Asset ആയി പരിഗണിക്കുന്നു. ഇതുവഴി വായ്പ കിട്ടാകടമായി തരം താഴ്ത്തുന്നതിൽ നിന്നും തുടർ നടപടികളിൽ നിന്നും ഇടപാടുകാരന് താൽകാലിക ആശ്വാസം ലഭിക്കുന്നു .

- അപേക്ഷകൾ ലഭിച്ച് 30 ദിവസത്തിനുള്ളിലോ, 30/9/21 നകമോ അപേക്ഷയിൽ തീർപ്പ് കല്പിക്കേണ്ടതാണ്.
- അതിന് ശേഷം 90 ദിവസത്തിനകമോ, 31/12/2021 നകമോ ധാരണാപത്രം ഒപ്പിട്ട് അക്കൗണ്ട് Standard ആയി തരം തിരിച്ചിരിക്കണം.

a) വായ്പാതുക, കാലാവധി, പലിശ, ഈട് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് എല്ലാ ഡോക്യുമെന്റുകളും പൂർണ്ണമായി സമർപ്പിച്ച ശേഷമേ ഈ ഇളവുകൾ നടപ്പിലാക്കിയതായി കണക്കാക്കുകയുള്ളൂ.

b) വായ്പാ പുനഃക്രമീകരണത്തെക്കുറിച്ചുള്ള എല്ലാ നിബന്ധനകളും ബാങ്കിന്റെ രേഖകളിൽ / കംപ്യൂട്ടറിൽ പൂർത്തീകരിച്ചിരിക്കണം .

c) പതിയ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതോടെ വായ്പക്കാരൻ ബാങ്കിലെ Defaulter അല്ലാതെയാവുന്നു.

ഈ പുനഃക്രമീകരണം നടക്കുന്നതിനിടയിൽ വായ്പകൾ തരംതാണ് NPA ആയാലും അവ Standard Asset ആയി മാറ്റാവുന്നതാണ് .

ആനുകൂല്യങ്ങൾ അനുവദിച്ച വായ്പയുടെ നീക്കിയിരിപ്പിന്റെ 10 % പ്രത്യേക Provision ആയി നീക്കിവെച്ചിരിക്കണം.

ഈ വായ്പയിൽ 20 % തുക അടക്കുകയും NPA ആകാതിരിക്കുകയും ചെയ്യുന്ന പക്ഷം Provision ആയി നീക്കിവെച്ച തുകയുടെ പകുതി മാറ്റാവുന്നതാണ്. വീണ്ടും 10% കൂടി റിക്കവറി വരുന്ന പക്ഷം ബാക്കിയുള്ള Provision തുക കൂടി മാറ്റാവുന്നതാണ്.

Chief Executive Officer
The Payyanur Co-op. Town Bank Ltd.
No. C. 827, Payyanur